**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1420** **19-06-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം ഉന്നത നിലവാരത്തിലേക്കെത്തിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം ഉന്നതനിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സമഗ്ര ശിക്ഷാ കേരളത്തിന്റെയും നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. പുതിയ പാഠ്യപദ്ധതിയെ അടിസ്ഥാനപ്പെടുത്തിയുള്ള പുതിയ പാഠപുസ്തകങ്ങൾ 1, 3, 5, 7, 9 ക്ലാസുകളിൽ നടപ്പിൽ വരുത്തി.<br><br>2. 2, 4, 6, 8, 10 ക്ലാസുകളിലേയ്ക്കുള്ള പാഠപുസ്തക പരിഷ്കരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രീ പ്രൈമറി ഹയർ സെക്കന്ററി പാഠ്യപദ്ധതി നവീകരണ പ്രവർത്തനങ്ങൾ ഈ അധ്യയന വർഷം ആരംഭിക്കും.<br><br>3. സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ നൂതനാശയ പദ്ധതി, എൽ.ഇ.പി.(പഠന പോഷണ പരിപാടികൾ), നിപുൺ ഭാരത് മിഷൻ / ഫൗണ്ടേഷണൽ ലിറ്ററസി & ന്യൂമറസി, രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ, പ്രീ പ്രൈമറി, സ്പോർട്സ് & ഫിസിക്കൽ എഡ്യൂക്കേഷൻ, പെൺകുട്ടികളുടെ ശാക്തീകരണം, പെൺകുട്ടികൾക്കായുള്ള സ്വയം പ്രതിരോധ പരിശീലന പരിപാടി, കരിയർ ഗൈഡൻസ്, പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വിദ്യാഭ്യാസം, വൊക്കേഷണലൈസേഷൻ ഓഫ് എഡ്യൂക്കേഷൻ, സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ മുതലായ പദ്ധതികളും നടപ്പിലാക്കി വരുന്നു.<br><br>4. സാങ്കേതികവൽക്കരണത്തിന് പ്രത്യേക ഊന്നൽ നൽകുന്നതിനായി 2002-03 മുതൽ എട്ടാം ക്ലാസിൽ ഐ.ടി./ഐ.സി.ടി. ഒരു നിർബന്ധിത വിഷയമായി ഉൾപ്പെടുത്തുകയും 2005 മാർച്ച് മുതൽ |

| | | | |
|---|---|---|---|
| | | | എസ്.എസ്.എൽ.സി.യ്ക്ക് ഐ.ടി. ഒരു വിഷയമാക്കുകയും ചെയ്തു.<br><br>5. പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവൽക്കരണത്തിന്റെ ഭാഗമായി 2018 മുതൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പേരിലും 2021 മുതൽ 'വിദ്യാകിരണം' എന്ന പേരിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.<br><br>6. 2017 മുതൽ കൈറ്റിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കി.<br><br>7. സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പഠന പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയിലും നടപ്പിലാക്കുന്നതിനായി ഈ വർഷം മുതൽ കൈറ്റിന്റെ നേതൃത്വത്തിൽ നിർമിതബുദ്ധി (എ.ഐ.) പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രത്യേക അധ്യാപക പരിശീലനങ്ങളും ഐ.സി.ടി. പാഠപുസ്തകങ്ങളിൽ പഠന പ്രവർത്തനങ്ങളും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. |
| (ബി) | പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം ഉന്നതനിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സമഗ്ര ശിക്ഷാ കേരളത്തിന്റെയും നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. പുതിയ പാഠ്യപദ്ധതിയെ അടിസ്ഥാനപ്പെടുത്തിയുള്ള പുതിയ പാഠപുസ്തകങ്ങൾ 1, 3, 5, 7, 9 ക്ലാസുകളിൽ നടപ്പിൽ വരുത്തി.<br><br>2. 2, 4, 6, 8, 10 ക്ലാസുകളിലേയ്ക്കുള്ള പാഠപുസ്തക പരിഷ്കരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രീ പ്രൈമറി ഹയർ സെക്കന്ററി പാഠ്യപദ്ധതി നവീകരണ പ്രവർത്തനങ്ങൾ ഈ അധ്യയന വർഷം ആരംഭിക്കും.<br><br>3. സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ നൂതനാശയ പദ്ധതി, എൽ.ഇ.പി.(പഠന പോഷണ പരിപാടികൾ), നിപുൺ ഭാരത് മിഷൻ / ഫൗണ്ടേഷണൽ ലിറ്ററസി & ന്യൂമറസി, രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ, പ്രീ പ്രൈമറി, സ്പോർട്സ് & ഫിസിക്കൽ എഡ്യൂക്കേഷൻ, പെൺകുട്ടികളുടെ ശാക്തീകരണം, പെൺകുട്ടികൾക്കായുള്ള സ്വയം പ്രതിരോധ പരിശീലന പരിപാടി, കരിയർ ഗൈഡൻസ്, പ്രത്യേക പരിഗണന |

| | | | |
|---|---|---|---|
| | | | അർഹിക്കുന്നവരുടെ വിദ്യാഭ്യാസം, വൊക്കേഷണലൈസേഷൻ ഓഫ് എഡ്യൂക്കേഷൻ, സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ മുതലായ പദ്ധതികളും നടപ്പിലാക്കി വരുന്നു.<br><br>4. സാങ്കേതികവൽക്കരണത്തിന് പ്രത്യേക ഊന്നൽ നൽകുന്നതിനായി 2002-03 മുതൽ എട്ടാം ക്ലാസിൽ ഐ.ടി./ഐ.സി.ടി. ഒരു നിർബന്ധിത വിഷയമായി ഉൾപ്പെടുത്തുകയും 2005 മാർച്ച് മുതൽ എസ്.എസ്.എൽ.സി.യ്ക്ക് ഐ.ടി. ഒരു വിഷയമാക്കുകയും ചെയ്തു.<br><br>5. പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവൽക്കരണത്തിന്റെ ഭാഗമായി 2018 മുതൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പേരിലും 2021 മുതൽ 'വിദ്യാകിരണം' എന്ന പേരിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.<br><br>6. 2017 മുതൽ കൈറ്റിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കി.<br><br>7. സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പഠന പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയിലും നടപ്പിലാക്കുന്നതിനായി ഈ വർഷം മുതൽ കൈറ്റിന്റെ നേതൃത്വത്തിൽ നിർമിതബുദ്ധി (എ.ഐ.) പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രത്യേക അധ്യാപക പരിശീലനങ്ങളും ഐ.സി.ടി. പാഠപുസ്തകങ്ങളിൽ പഠന പ്രവർത്തനങ്ങളും നടപ്പിലാക്കി ക്കൊണ്ടിരിക്കുകയാണ്. |
| (സി) | പൊതുവിദ്യാലയങ്ങളിലെ അധ്യാപക, അനധ്യാപക തസ്തികകളിലെ ഒഴിവുകൾ നികത്താൻ പ്രത്യേക നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | അധ്യാപക തസ്തികയിലെ ഒഴിവുകൾ വരുന്ന മുറക്ക് കൃത്യമായി വിലയിരുത്തി നിയമനാനുപാത പ്രകാരമുള്ള ഒഴിവുകൾ പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്യുകയും, നിയമന ശിപാർശ പി.എസ്.സി. -യിൽ നിന്നും ലഭ്യമാകുന്ന മുറക്ക് നിയമനം നൽകുകയും ചെയ്യുന്നു. പി.എസ്.സി ലിസ്റ്റ് നിലവില്ലില്ലാത്ത തസ്തികകളിൽ അതാത് കാലങ്ങളിൽ പുറപ്പെടുവിപ്പിക്കുന്ന ഉത്തരവുകൾക്ക് വിധേയമായി താൽക്കാലിക അദ്ധ്യാപക നിയനം നടത്താറുണ്ട്. കൂടാതെ 2024 വർഷത്തിൽ ആസ്ഥാന കാര്യാലയത്തിലും ജില്ലകളിലും അനധ്യാപക തസ്തികകളിൽ ഉണ്ടാകാവുന്ന അർഹമായ എല്ലാ ഒഴിവുകളും ബന്ധപ്പെട്ട പി.എസ്.സി -യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ